LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത നിയോജകമണ്ഡലത്തിൽ 448 ഭൂരഹിതരും 428 ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങളുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകിയിട്ടുണ്ട്; വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

2016-17 സാമ്പത്തിക വർഷം 18 കുടുംബങ്ങൾക്കും, 2017-18-ൽ 17 കുടുംബങ്ങൾക്കും 2018-19 സാമ്പത്തിക വർഷത്തിൽ 17 കുടുംബങ്ങൾക്കും 2019-20 വർഷത്തിൽ 6 കുടുംബങ്ങൾക്കും 2020-21 വർഷത്തിൽ 2 കുടുംബങ്ങൾക്കും ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 84 കുടുംബങ്ങൾക്കും, 2017-18 സാമ്പത്തിക വർഷത്തിൽ 50 കുടുംബങ്ങൾക്കും വകുപ്പു മുഖേന ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷം മുതൽ ലൈഫ് മിഷൻ മുഖേനയാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നത്.

(സി) പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ഭൂമിയും വീടും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

നിലവിൽ ഭൂമിയും വീടും അനുവദിക്കുന്നത് ലൈഫ് മിഷൻ മുഖേനയാണ്. ലൈഫ് മിഷൻ ലിസ്റ്റിലെ അർഹതയുള്ള ഗുണഭോക്താക്കൾക്ക് മുൻഗണനാ ക്രമത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമിക്കുള്ള ധനസഹായം അനുവദിച്ചു വരുന്നു. ഭവന നിർമ്മാണ പദ്ധതി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്നു.

ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

9 (315) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ളവ -കോട്ട ആർ.വി.സി ശ്മശാനം കോളനി (ഏങ്ങണ്ടിയൂർ), കമ്പനിപ്പടി അംബേദ്കർ കോളനി (ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികൾ)

LIBRARY ARCHIVES Kerala Legislative Assembly

2) ദുർബ്ബല പുനരധിവാസ പദ്ധതി പ്രകാരമുള്ളവ - അകലാട് നായാടി കോളനിയിലെ പ്രവൃത്തികൾ

3) മറ്റുള്ളവ- കോച്ചിപ്പാടം പട്ടികജാതി കോളനി കാന നിർമ്മാണം കോൺക്രീറ്റിംഗ് (ചാവക്കാട് മുനിസിപ്പാലിറ്റി), പാണൻതറ പട്ടികജാതി കോളനി റോഡ് നിർമ്മാണം (പുന്നയൂർക്കുളം), തട്ടാൻതറ പള്ളിയേരി പട്ടികജാതി കോളനി റോഡ് നിർമ്മാണം (വടക്കേക്കാട്), പേരകം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി (ഗുരുവായൂർ മുനിസിപ്പാലിറ്റി), സഖാവ് കുറുപ്പൻ റോഡ് സംരക്ഷണഭിത്തി നിർമ്മാണം (പുന്നയൂർക്കുളം), സി.സി.സുബ്രഹ്മണ്യൻ പട്ടികജാതി കോളനി നവീകരണം (പുന്നയൂർക്കുളം), പേരകം റൈഡേഴ്സ് എസ്.സി.കോളനി റോഡ് നിർമ്മാണം (ഗുരുവായൂർ മുനിസിപ്പാലിറ്റി), മന്നിക്കര എസ്.സി.കോളനി റോഡ് നവീകരണം (ഗുരുവായൂർ മുനിസിപ്പാലിറ്റി), മില്ലെനിയം എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ്(ഗുരുവായൂർ മുനിസിപ്പാലിറ്റി)

(ബി) ആവിഷ്കരിച്ച പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരങ്ങൾ വ്യക്തമാക്കാമോ?

കോട്ട ആർ.വി.സി. ശ്മശാനം കോളനി(ഏങ്ങണ്ടിയൂർ, കമ്പനിപ്പടി അംബേദ്കർ കോളനി (ഒരുമനയൂർ ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിലെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. അകലാട് നായാടികോളനിയിലെ ദുർബ്ബല പുനരധിവാസ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

ആദിവാസി കോളനി നവീകരണം

10 (316) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കുരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് ആദിവാസി കോളനി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത കോളനിയിൽ എന്തൊക്കെ പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ അമ്പലക്കുന്ന് കോളനി ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയുടെ നവീകരണ പ്രവർത്തനങ്ങൾക്കായി അക്രെഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന് ശേഷം ഊരുകൂട്ട തീരുമാനപ്രകാരം ഡി.പി.ആർ. തയ്യാറാക്കി ജില്ലാകളക്ടർ അധ്യക്ഷനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോട് കൂടി പദ്ധതി ആരംഭിക്കുന്നതാണ്.